ഡോ. അലി മുഹമ്മദ് സ്വല്ലാബി

# പ്രവാചകനിന്ദയും ളിമാദുൽ അസ്ദിയുടെ ഇസ്‌ലാമാശ്ലേഷവും

**പ്രവാചകന്റെ(സ)** മക്കാജീവിതത്തിന്റെ ആദ്യ നാളുകളിൽ അദ്ദേഹത്തിനെതിരെ വൻ പ്രചാരവേലകളായിരുന്നു ശത്രുക്കൾ അഴിച്ചുവിട്ടത്. പ്രവാചകനെയും അനുയായികളെയും പ്രകോപിപ്പിച്ച് ലക്ഷ്യത്തിൽനിന്ന് പിന്തിരിപ്പിക്കലായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ ഇത്തരം പ്രചാരണങ്ങളെയും രൂക്ഷമായ എതിർപ്പുകളെയും തന്റെ പ്രബോധന പ്രവർത്തനങ്ങൾക്ക് അനുകൂലമാക്കിയെടുക്കാനാണ് പ്രവാചകൻ ശ്രമിച്ചത്. അതിലേറ്റവും മികച്ച നിലപാടാണ് ളിമാദുൽ അസ്ദിയോട് നബി(സ) സ്വീകരിച്ചത്.

മഹത്തായ ധാർമിക ഗുണങ്ങൾ പുലർത്തിയ പ്രവാചകൻ മനോരോഗിയായിരിക്കുന്നുവെന്ന് ശത്രുത മൂത്ത് പ്രതിയോഗികൾ പ്രചരിപ്പിക്കുന്ന കാലം. അന്ന് മക്കയിലെ പ്രശസ്തനായ മനോരോഗ വിദഗ്ധനാണ് അസ്ദ് ഗോത്രക്കാരനായ ളിമാദ്. ഈ കുപ്രചാരണം കേട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "മുഹമ്മദിനെ ഒന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എനിക്കയാളെ ചികിത്സിക്കാമായിരുന്നു. അല്ലാഹു അയാൾക്ക് ശമനം നൽകിയേക്കാം." കുപ്രചാരണങ്ങൾ സത്യമാണെന്ന് കരുതിയ ളിമാദ് നബിയുടെ അടുക്കലെത്തി അദ്ദേഹത്തോട് പറഞ്ഞു: "ഞാൻ മനോരോഗ വിദഗ്ധനാണ്. അങ്ങയുടെ ഭ്രാന്ത് ഞാൻ ചികിത്സിക്കാം. അല്ലാഹു താങ്കൾക്ക് ശമനം നൽകിയേക്കാം." ഇത് കേട്ട പ്രവാചകൻ(സ) ഒട്ടും പ്രകോപിതനാകാതെ ളിമാദിനെ ഇങ്ങനെ കേൾപ്പിച്ചു:

إن الحمد لله نحمده ونستعينه من يهده الله فلا مضل له ومن يضلل فلا هادي له وأشهد ان لا إله إلا الله وحده لا شريك له وأن محمدا عبده ورسوله. أما بعد

"നിശ്ചയം സർവ സ്തുതിയും അല്ലാഹുവിനാണ്. അവനെയാണ് നാം സ്തുതിക്കുന്നതും അവനോടാണ് സഹായം തേടുന്നതും. ആരെയെങ്കിലും അവൻ സന്മാർഗത്തിലാക്കിയാൽ അവനെ വഴികേടിലാക്കാൻ ആർക്കും സാധിക്കയില്ല. ആരെയെങ്കിലും വഴികേടിലാക്കിയാൽ അവനെ സന്മാർഗത്തിലാക്കാനും ആർക്കും കഴിയില്ല. ഏകനായ അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു." ഇത് കേൾക്കേണ്ട താമസം ളിമാദ് നബി(സ)യോട് പറഞ്ഞു: "താങ്കൾ ഇത് ഒന്നുകൂടി ആവർത്തിച്ചാലും." പ്രവാചകൻ(സ) മൂന്ന് തവണ ആവർത്തിച്ചു. അപ്പോൾ ളിമാദ് പറഞ്ഞു: "ഞാൻ ജോത്സ്യന്മാരുടെയും കവികളുടെയും മാരണക്കാരുടെയും വാക്കുകൾ കേട്ടിട്ടുണ്ട്. പക്ഷേ, ഇതുപോലൊന്ന് ഞാൻ ഇതുവരെ കേട്ടിട്ടില്ല. ഇത് സമുദ്രത്തിന്റെ അഗാധ ഗർത്തത്തിൽ പതിയുന്ന വാക്കുകളാണ്. അങ്ങ് കൈ നീട്ടുക. ഞാൻ സത്യസാക്ഷ്യം മൊഴിഞ്ഞ് ഇസ്‌ലാം ആശ്ലേഷിക്കട്ടെ. പ്രവാചകൻ(സ) കൈനീട്ടി. ളിമാദ് ബൈഅത്ത് ചെയ്തു. അപ്പോൾ പ്രവാചകൻ(സ) ചോദിച്ചു: "താങ്കളുടെ ഗോത്രമോ?" "എന്റെ ഗോത്രവും ഇസ്‌ലാമിലേക്കുവരും, അതിനായി ഞാൻ പരിശ്രമിക്കും." ളിമാദിന്റെ മറുപടി. ■

(സീറത്തുന്നബവിയ്യ എന്ന കൃതിയിൽനിന്ന്)

വിവ: **മുഹമ്മദ് ഇഖ്ബാൽ നദ്‌വി**